11341
9/11/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് -മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - പ്രളയം 2018-ഉജ്ജീവന വായ്പാ പദ്ധതി - പത്തനംതിട്ട ജില്ലയിലെ കർഷകർ/സംരംഭകർ എടുത്ത വായ്പയിന്മേലുള്ള മാർജിൻ മണി ബന്ധപ്പെട്ട ബാങ്കുകൾക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്

സ.ഉ.(സാധാ) നം.3477/2020/റവ. തീയതി,തിരുവനന്തപുരം, 04/11/2020

പരാമർശം:- 1 സ.ഉ.(കൈ) നം. 27/2018/ദു.നി.വ.തീയതി 17/12/2018.

2 സ.ഉ.(കൈ) നം.4/2019/ദു.നി.വ. തീയതി 22/02/2019.

3 ഇന്ത്യൻ ഓവർസീസ് ബാങ്ക്, ആന്ധ്രാ ബാങ്ക് , എന്നീ ബാങ്കുകൾ സർക്കാരിലേക്ക് ലഭ്യമാക്കിയ അപേക്ഷകൾ.

ഉത്തരവ്

2018-ലെ പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ട ക്ഷീര/പൗൾട്രി/തേനീച്ച്/ അലങ്കാര പക്ഷി കർഷകർ/സൂക്ഷ്മ ചെറുകിട, ഇടത്തരം വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന സംരംഭകർ എന്നിവർക്ക് അവരുടെ ജീവനോപാധി പുനരുജ്ജീവിപ്പിക്കുന്നതിനായി ബാങ്കുകളിൽ നിന്നും എടുക്കുന്ന 'ടേംലോൺ' / പ്രവർത്തന മൂലധന വായ്പ എന്നിവയ്ക്ക്, നിബന്ധനകൾക്ക് വിധേയമായി, മാർജിൻ മണി/താങ്ങ് പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതിന് പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം രൂപീകരിച്ച 'ഉജ്ജീവന വായ്പാ പദ്ധതി' യിൽ വിഭാവനം ചെയ്തിട്ടുണ്ട്.

2.അപ്രകാരം 'ഉജ്ജീവന വായ്പാ പദ്ധതി' പ്രകാരമുള്ള വായ്പാ സൗകര്യം പ്രയോജനപ്പെടുത്തിയ പത്തനംതിട്ട ജില്ലയിലെ കർഷകർക്ക്/സംരഭകർ ക്ക്അനുവദിച്ച 'ടേംലോൺ'/പ്രവർത്തന മൂലധനത്തിന്റെ മാർജിൻ മണി വായ്പ വിതരണം ചെയ്ത ബാങ്കുകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കണമെന്ന് പരാമർശം ( 3 ) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉജ്ജീവന വായ്പാ പദ്ധതി പ്രകാരം പത്തനംതിട്ട ജില്ലയിലെ താഴെപറയുന്ന 3 കർ ഷകർ ക്ക്/ സംരംഭകർക്ക് അനുവദിച്ച വായ്പയിന്മേലുള്ള മാർജിൻ മണി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ബന്ധപ്പെട്ട ബാങ്കുകൾക്ക് അനുവദിച്ച് ഉത്തരവാകുന്നു.

| തിരുവനന്തപുരം | | | | | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | കർഷകന്റെ/ സംരംഭകന്റെ/സ്ഥാപനത്തിന്റെ പേര് / വിഭാഗം | ശുപാർശ ചെയ്ത വകുപ്പിന്റെ വിശദ വിവരങ്ങൾ | ടേംലോൺ/പ്രവർത്തന മൂലധനം അനുവദിച്ച ബാങ്ക്, ബ്രാഞ്ച് | ടേംലോൺ/ പ്രവർത്തന മൂലധനമായി അനുവദിച്ച തുക (രൂപയിൽ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന മാർജിൻ മണി താങ്ങ് പലിശ (രൂപയിൽ) | മാർജിൻ മണി / താങ്ങ് പലിശ ക്രഡിറ്റ് ചെയ്യേണ്ട ബാങ്ക്, ബ്രാഞ്ച് / IFS കോഡ് / അകൗണ്ട് നമ്പർ |

| | | | | | | |
|---|---|---|---|---|---|---|
| 1 | Madhusoodanan Nair.C.T., Chamayam Silks & Sarees, Kozhanchery, Pathanamthitta. | ജില്ലാ വ്യവസായ ഓഫീസ്, പത്തനംതിട്ട ജില്ലാ വ്യവസായ ഓഫീസറുടെ ബി/42/19 തീയതി 11/03/2019 | IOB | 300000 | 75000 | Branch: Tvpm IFSC:IOBA0000809 A/c.No.08090113301010 |
| | | | Sub Total | 300000 | 75000 | |
| | | | എറണാകുളം | | | |
| 2 | Jojo Mathew, Thread & Needles, Pathanamthitta | ജില്ലാ വ്യവസായ ഓഫീസ്, പത്തനംതിട്ട ജില്ലാ വ്യവസായ ഓഫീസറുടെ ബി/42/19 തീയതി 26/02/2019 | Andra Bank | 204058 | 51015 | Branch: Kadavantra, Kochi IFSC:ANDB0002273 A/c.No.22731029549012 |
| 3 | Nissan.A., New Friends Distributors, Pathanamthitta | ജില്ലാ വ്യവസായ ഓഫീസ്, പത്തനംതിട്ട ജില്ലാ വ്യവസായ ഓഫീസറുടെ ബി/42/19 തീയതി 23/03/2019 | Andra Bank | 600000 | 150000 | Branch: Kadavantra, Kochi IFSC:ANDB0002273 A/c.No.22731029549012 |
| | | | Sub Total | 804058 | 201015 | |
| | | | GRAND TOTAL | 1104058 | 276015 | |

4. മേൽ പറഞ്ഞ പ്രകാരം മാർജിൻ മണി ഇനത്തിൽ വിതരണത്തിനാവശ്യമായ 276015/- രൂപ (രണ്ട് ലക്ഷത്തി എഴുപത്തി ആറായിരത്തി പതിനഞ്ച് രൂപ മാത്രം) 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T P 80 അക്കൗണ്ട് മുഖാന്തിരം തിരുവനന്തപുരം, എറണാകുളം ജില്ലാ കളക്ടർമാർക്ക്

അനുവദിക്കുന്നതാണ് ടി തുകയിൽ 75,000/- രൂപ (എഴുപത്തി ആയ്യായിരം രൂപ മാത്രം) തിരുവനന്തപുരം ജില്ലാ കളക്ടർക്കും, 2,01,015/- രൂപ (രണ്ട് ലക്ഷത്തി ആയിരത്തി പതിനഞ്ച് രൂപ മാത്രം) എറണാകുളം ജില്ലാ കളക്ടർക്കും, [ആകെ 276015/- രൂപ (രണ്ട് ലക്ഷത്തി എഴുപത്തി ആറായിരത്തി പതിനഞ്ച് രൂപ മാത്രം) ] നൽകേണ്ടതാണ്.

5.ഓരോ വായ്പയിലും അനുവദിച്ചിട്ടുള്ള മാർജിൻ മണി ഇനത്തിൽ ഖണ്ഡിക 3-ലെ പട്ടികയിലെ 6-ാം കോളത്തിൽ പറയുന്ന തുക, 7-ാം കോളത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ ബന്ധപ്പെട്ട ബാങ്കിന് ജില്ലാ കളക്ടർമാർ ക്രെഡിറ്റ് ചെയ്ത്, നടപടി വിവര സ്റ്റേറ്റ്മെന്റ് യഥാസമയം സർക്കാരിന് സമർപ്പിക്കേണ്ടതാണ്. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഇല്ലാത്ത അപേക്ഷകളിൽ ജില്ലാ കളക്ടർമാർ ബന്ധപ്പെട്ട ബാങ്ക് അധികാരികളിൽ നിന്നും അക്കൗണ്ട് വിവരങ്ങൾ ശേഖരിച്ച് തുക ബാങ്കിന് അനുവദിക്കേണ്ടതുമാണ്. ഗുണഭോക്താവിന് ഇതിനകം ഉജ്ജീവൻ വായ്പ പദ്ധതി പ്രകാരം മാർജിൻ മണി ലഭിച്ചിട്ടില്ല എന്ന് ബാങ്കുമായി ബന്ധപെട്ട് ജില്ലാ കളക്ടർമാർ ഉറപ്പുവരുത്തേണ്ടതും ടി ഇനത്തിൽ ഗുണഭോക്താവിന് ഇതിനകം തുക ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തിരിച്ചടയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സന്തോഷ് കുമാർ.റ്റി.കെ.**
**ജോയിന്റ് സെക്രട്ടറി**

ജില്ലാ കളക്ടർ, തിരുവനന്തപുരം / എറണാകുളം

ജില്ലാ കളക്ടർ, പത്തനംതിട്ട (അറിവിലേക്കായി)

ധനകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ചുമതല)

ജില്ലാ ട്രഷറി ഓഫീസർ തിരുവനന്തപുരം / എറണാകുളം ( ട്രഷറി ഡയറക്ടർ തിരുവനന്തപുരം മുഖാന്തിരം )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ ) കേരള തിരുവനന്തപുരം

കൺവീനർ, സംസ്ഥാന തല ബാങ്കേഴ്സ് സമിതി ,തിരുവനന്തപുരം

ചീഫ് മാനേജർ, IOB റീജിയണൽ ഓഫീസ് ,തിരുവനന്തപുരം
സോണൽ മാനേജർ ,ആന്ധ്രാ ബാങ്ക്, സോണൽ ഓഫീസ് ,കൊച്ചി-682 020

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. റവന്യുവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

റവന്യുവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്.

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ